# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239 — 20.06.2012 -ൽ മറുപടിയ്ക്ക്

## ജലസേചന കനാലുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ വിവിധ ജലസേചന പദ്ധതികളുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള കനാലുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | എ) ജലസേചന പദ്ധതികളുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള കനാലുകളിൽ ചോർച്ച കാണപ്പെടുന്നതും, പൊട്ടി പൊളിഞ്ഞതുമായ കനാലുകളിൽ അടിഞ്ഞുകൂടുന്ന മണ്ണ് നീക്കൽ, സംരക്ഷണ ഭിത്തികൾ നിർമ്മിക്കൽ, കനാൽ ലൈനിംങ്ങ് ഉടങ്ങിയ അറ്റകുറ്റ പണികൾ ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് വർഷാവർഷം നടത്തി വരുന്നു. 21.11.2011-ലെ സർക്കാർ ഉത്തരവ് (G.O(Rt) No. 1151/11/WRD) പ്രകാരം പതിമൂന്നാം ധനകാര്യ കമ്മീഷന്റെ revamping scheme-ൽ ഉൾപ്പെടുത്തി പെരിയാർ വാലി ജലസേചന പദ്ധതി, ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം, പമ്പാ ജലസേചന പദ്ധതി എന്നിവയ്ക്കായി 2011-12, 12-13 വർഷങ്ങളിലേയ്ക്കായി യഥാക്രമം 16, 9.73, 7.25 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ എന്നീ പദ്ധതികളിൽ പ്രധാനമന്ത്രിയുടെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി (Extension Renovation and Modernisation) കനാലുകളുടെ പുനരുദ്ധാരണവും നവീകരണവും നടത്തി വരുന്നു. കുറ്റ്യാടി പദ്ധതി മലബാർ ഇറിഗേഷൻ |

പാക്കേജിൽ (MIRPA) യിൽ ഉൾ പ്പെടുത്തി കനാലുകൾ നവീകരിച്ചു വരുന്നു. 13-ആം ധനകാര്യ കമ്മീഷനിൽ ഉൾ പ്പെടുത്തി പഴശ്ശി, മീങ്കര, ചുള്ളിയാർ, വാളയാർ, മംഗലം, പോത്തുണ്ടി എന്നീ പദ്ധതികളിൽ കനാലുകളുടെ നവീകരണം നടത്തി വരുന്നു. കൂടാതെ എല്ലാ ജലസേചന പദ്ധതികളുടെയും കനാലുകൾ അതാത് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് വാർഷിക അറ്റകുറ്റപണികൾ നടത്തി വരുന്നു.

ബി) ജലസേചന പദ്ധതികളുടെ ഭാഗമായുള്ള കനാലുകൾ വേനൽക്കാലത്ത് വലിയ തോതിൽ ജനങ്ങൾക്ക് ഉപകാരപ്രദമായി മാറുന്ന സാഹചര്യം കണക്കിലെടുത്ത് ഉപകനാലുകൾ പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബി) വേനൽക്കാലത്ത് കനാലിൽ കൂടി വെള്ളം തുറന്നു വിടുന്നതിന്റെ ഫലമായി കനാലിന്റെ താഴ്ന്ന പ്രദേശങ്ങളിലുള്ളവർക്ക് വെള്ളം ലഭിക്കുന്നു. രൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ഉപകനാലുകളിൽ നിന്നും മണ്ണ് നീക്കി പാർശ്വ ഭിത്തികൾ വേണ്ടുന്ന വിധം സംരക്ഷിച്ച് പൂർവ്വ സ്ഥിതി നിലനിർത്തുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ളനടപടികൾ സ്വീകരിച്ചു വരുന്നു.

പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾ പ്പെടുത്തി 2013-15 വർഷങ്ങളിലേയ്ക്കായി ചീരക്കുഴി, വാഴാനി, പെരിയാർവാലി, പമ്പ, കല്ലട എന്നീ പദ്ധതികൾക്കായി യഥാക്രമം 5, 5, 30, 5.36, 30 കോടി രൂപ വീതം (ആകെ 75.36 കോടി രൂപ) പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ